## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 295** **02.03.2020 - ൽ മറുപടിക്ക്.**

## റേഷൻ കടകളിലെ ഇ-പോസ് സംവിധാനം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ**<br>**,, സി.മമ്മൂട്ടി :** | | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** റേഷൻ കടകളിലെ ഇ-പോസ് മെഷീനു പകരം ബോധപൂർവ്വം മാന്വൽ ഇടപാടിലൂടെ റേഷൻ വിതരണം നടത്തുന്നതിന്റെ നല്ലൊരു ശതമാനവും കരിഞ്ചന്തയിലേക്ക് പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(എ)** | ഇല്ല. എന്നാൽ മാന്വൽ വിതരണം നടത്തിയതുവഴി ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധനയിൽ കണ്ടെത്തുന്ന ഇത്തരം ക്രമക്കേടുകൾക്ക് ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| **(ബി)** ഇക്കാര്യം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | **(ബി)** | എല്ലാ റേഷൻ ട്രാൻസാക്ഷനുകളും epos.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാക്കി സുതാര്യത ഉറപ്പ് വരുത്തിയിട്ടുണ്ട്. റേഷൻകട പരിശോധനയിൽ ഇ-പോസ് വഴിയുള്ള റേഷൻ വിതരണവും, മാന്വൽ ആയി നടത്തുന്ന വിതരണവും കൃത്യമായി പരിശോധിക്കുകയും, ആതന്റിക്കേറ്റ് ചെയ്യാത്ത ട്രാൻസാക്ഷനുകളുടെ എണ്ണം പരിധി കവിയുകയാണെങ്കിൽ ഓരോ ട്രാൻസാക്ഷനും പരിശോധിക്കുകയും അനർഹമായി റേഷൻ കൈപ്പറ്റിയിട്ടുണ്ടെന്ന് തെളിഞ്ഞാൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇതിന്റെ ഭാഗമായി എല്ലാ മാസവും മാന്വൽ രജിസ്റ്റർ പരിശോധിക്കുകയും, മാന്വൽ വിതരണം നടത്തിയ കാർഡുകളുടെ സ്പോട്ട് വെരിഫിക്കേഷൻ നടത്തുകയും ചെയ്യുന്നുണ്ട്. |
| **(സി)** റേഷൻ കടകളിലെ തട്ടിപ്പുകൾ പൂർണ്ണമായി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | **(സി)** | നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**